# കേരളനവോത്ഥാനം പുതുവഴികൾ തേടി
## പ്രൊഫ. വി. കെ. ദാമോദരൻ

ഡോ. പാണ്ഡുരംഗൻ, എൻജിനീയർ സുഹൈർ, പ്രൊഫ. ഖാലിദ്, ഡോ. കായംകുളം യൂനുസ്, ഡോ. രമേഷ്കുമാർ, സദസ്സിലുള്ള വിദ്യാർഥികളെ. വളരെയധികം ജീവിതാനുഭവങ്ങളും അറിവും ചിന്താശീലവും ഉള്ള മുതിർന്ന ഒട്ടേറെ ശ്രോതാക്കളായി ഇവിടെ ഇരിക്കുന്ന മാന്യ വ്യക്തികളെ, ഇന്ന് വക്കം മൗലവി ഫൗണ്ടേഷനുമായി ഞാൻ നേരത്തെ ധാരണയിലെത്തിയ ഇന്നിവിടെ അവതരിപ്പിക്കുന്ന വിഷയം അൽപം ബുദ്ധിമുട്ടുള്ള ഒരു വിഷയമാണ് എന്നറിഞ്ഞുകൊണ്ട് ഞാനിത് ഏറ്റത് അത് ഒരു ഭംഗിയായി ഒരു പ്രമേയം ഈ പ്രഭാഷണത്തിലൂടെ ഉരുത്തിരിയ്ക്കാൻ കഴിയുമെന്നും അതിൽ കാണുന്ന ചില പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും ഉള്ള വിശ്വാസത്തിലായിരുന്നില്ല, ഇപ്പോഴും അല്ല. ഇത്തരം വിസ്തൃതമായ ഒരു വിഷയത്തെ പരസ്പരബന്ധം കണ്ടെത്താൻ കഴിയുമെങ്കിലും ഇതുമാത്രമാണ് ദരിദ്ര വിഭാഗങ്ങളുടെ ഉന്നമനവും ശാസ്ത്രഅവബോധവും തമ്മിൽ ഉള്ളത് എന്ന് തീർത്തു പറയാൻ പറ്റാത്ത ഒരു അവസ്ഥയാണ് ഇന്നുള്ളത്. അതിന് തക്കതായ തെളിവുകൾ നമുക്കുണ്ടാക്കാൻ കഴിയില്ല എന്നിരുന്നാലും ചില സൂചകങ്ങൾ വച്ചുകൊണ്ട് ഇവ തമ്മിലുള്ള ബന്ധം കണ്ടെത്താൻ ശ്രമിക്കുകയും അതോടൊപ്പം കേരളത്തിൽ ഈ ബന്ധം എങ്ങനെ പ്രാവർത്തികമായി, ഈ ഐക്യകേരളം വന്നതിനു ശേഷം അതിന് മുൻപുള്ള കാലം അതുപോലെ ഇനി അങ്ങോട്ടുള്ള കാലം, എങ്ങനെ നമുക്ക് ശാസ്ത്രബോധത്തെ നമ്മുടെ വികസനവുമായി ബന്ധപ്പെടുത്താൻ കഴിയും എന്നുള്ള ഒരു ചെറിയ അന്വേഷണം മാത്രമാണ് ഇവിടെ തുടങ്ങുന്നത്. ശാസ്ത്രം എന്ന് പറയുമ്പോൾ നമുക്കെല്ലാം ഒരു ധാരണയുണ്ട്, ഇവിടെ പാലോട് ബോട്ടാണിക്കൽ ഗാർഡനിൽ ഒട്ടേറെ ശാസ്ത്രം നടക്കുന്നു, ശാസ്ത്രം ഉത്പാദിപ്പിക്കുന്നു എന്നുള്ള കാര്യം നമുക്കറിയാം. ഇതുപോലെ ഒട്ടനവധി സ്ഥാപനങ്ങളുണ്ട്. നമ്മുടെ കുട്ടികൾ സ്കൂളിലും കോളജിലുമായി ശാസ്ത്രം പഠിക്കുന്നുണ്ട്. നമ്മൾ ശാസ്ത്രത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ മനസ്സിൽ വരുന്നത് ഈ ശാസ്ത്രം മാത്രമാണ്. പക്ഷെ ഇത്തരമൊരു ചർച്ചയ്ക്ക് നമ്മൾ ഒരുപടി കൂടി പിന്നോട്ട് പോയി ഈ പഠിക്കുന്ന ശാസ്ത്രം നമ്മൾ എല്ലാം പഠിപ്പിക്കുന്ന ശാസ്ത്രം അതിന്റെ അടിത്തറ എന്താണ്, മലയാളികളായ നമ്മളെല്ലാവരും അരി ഭക്ഷണം കഴിയ്ക്കുന്നവരാണ്. വടക്കേ ഇന്ത്യക്കാർ അൽപം അരിയൊക്കെ കഴിയ്ക്കുമെങ്കിലും ഗോതമ്പ് ആണ് കൂടുതൽ കഴിയ്ക്കുന്നത്. തെക്കേ ഇന്ത്യക്കാർ ആയ നമ്മൾ എങ്ങനെയാണ് അറിഞ്ഞത് അരി ഭക്ഷണം എന്നും കഴിയ്ക്കണമെന്ന്. നമ്മുടെ പൂർവികരുടെ അങ്ങേയറ്റത്ത് പോയി കഴിഞ്ഞാൽ എവിടെയോ ഒരു സ്ഥലത്ത് വച്ച് സാധാരണക്കാരായുള്ള ആളുകൾ അവരുടെ ഭക്ഷണത്തിനാവശ്യമായ പദാർത്ഥങ്ങൾ ചുറ്റിലും അന്വേഷിച്ചതിലും പരീക്ഷിച്ചതിലും നിന്നും ഒടുവിൽ തൃപ്തികരമായ ഒരു ഫലത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ അരിയിലേയ്ക്ക് എത്തിയത്. വേട്ടയാടി ആഹാരം കഴിച്ചുകൊണ്ടിരുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം എന്നുമാത്രമല്ല കായ്കനികൾ ഭക്ഷിച്ചു കൊണ്ടിരുന്ന അന്നത്തെ മനുഷ്യ സമൂഹത്തിൽ ചില കായ്കനികളെങ്കിലും വിഷമുള്ളവയാണെന്നും ഒരു അനുഭവത്തിലൂടെ മനസിലാക്കിയത് ഉൾക്കൊണ്ടുകൊണ്ട് അതുപോലെ മൃഗങ്ങളെ വേട്ടയാടി ഒരു ചെറിയ സമൂഹം കഴിയ്ക്കുകയും ആ സമൂഹം ഒരേ ഭാഷയിൽ സംസാരിക്കുന്നവയും ആയിരുന്നു. ആദ്യം ചിത്രലിപികളിലൂടെയും മറ്റും ഉണ്ടായിരുന്ന ഭാഷ പിന്നീട് എഴുതുന്നതും സംസാരിക്കുന്നതും സാധാന്രക്കാർക്ക് പഠിയ്ക്കാൻ കഴിയുന്ന ഭാഷയായി മാറി അങ്ങനെ 3000ത്തിൽ അധികം ഭാഷകൾ ലോകത്തിലുണ്ട്. അങ്ങനെ സമൂഹം ഒരുപാട് വികസിച്ചു വരുന്നു. പഠിച്ച കാര്യങ്ങൾ മറ്റുള്ളവരിലേയ്ക്ക് എത്തിക്കുന്ന പ്രക്രിയ കൂടിയായ നിത്യജീവിതം തന്നെയാണ് ശാസ്ത്രം. നിത്യ ജീവിതത്തിൽ നിന്നുള്ള അനുഭവം തന്നെയാണ്, അതിൽ നിന്ന് ശരിയെന്നു കണ്ടെത്തിയവയാണ് ശാസ്ത്രം. അത് മറ്റൊരാളിലേയ്ക്ക് പകർന്നു കൊടുത്ത് അവർക്കും അത് ശരിയാണെന്ന് അനുഭവം ആകുമ്പോൾ അതൊരു സത്യമാകുന്നു. ഇങ്ങനെയുള്ള സത്യവും ശാസ്ത്രവും അതിനെ നമ്മൾ നിയമമാക്കുന്നു. നമ്മൾ പഠിക്കുന്ന ഓരോ നിയമങ്ങളും ജീവിതാനുഭവത്തിലൂടെ ഒരു സത്യം കണ്ടെത്തി ആ സത്യത്തെ നമ്മൾ തുടർന്നും പാലിക്കണം എന്നുള്ള സത്ഉദ്ദേശത്തോടെ നമ്മൾ ചെയ്യുമ്പോൾ ഈ ശാസ്ത്രം സത്യമായി ഒരിക്കലും ലംഘിക്കാൻ പാടില്ലാത്ത ഒന്നായത് കൊണ്ട് നമ്മൾ അതിനെ മുറികെപ്പിടിയ്ക്കുന്നു. ഇവിടെയാണ് ശാസ്ത്രങ്ങൾക്കും മതങ്ങൾക്കും കാരണം. ഒരേ ശാസ്ത്ര സത്യം നമ്മൾ അതേപടി പാലിക്കണമെന്ന് പറയുമ്പോൾ അതൊരു മതമാകുന്നു. ശാസ്ത്രം നമ്മുടെ പ്രകൃതിയിൽ അനുനിമിഷം മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് കൊണ്ട് തന്നെ അടിസ്ഥാനപരമായ ചില തത്വങ്ങൾക്ക് ഒഴിച്ച് മറ്റുള്ള കാര്യങ്ങൾ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. ഈ രീതിയിലുള്ള മാറ്റങ്ങൾ കണ്ടെത്താൻ വേണ്ടി തുടർച്ചയായി ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് യഥാർത്ഥ ശാസ്ത്രബോധമുള്ളവരാണെന്ന് പറയാനാകു. ഇല്ലെങ്കിൽ നമ്മൾ ശാസ്ത്രം പഠിച്ചവർ അല്ലെങ്കിൽ ശാസ്ത്രജ്ഞന്മാർ മാത്രമാണ്. ഒന്നുകൂടി ബലത്തിൽ പറയുകയാണെങ്കിൽ ശാസ്ത്ര അജ്ഞർ മാത്രമാണ്. അതിനു പകരം ചോദ്യങ്ങൾ ചോദിക്കുകയും, എപ്പോൾ നാം ചോദ്യം ചോദിക്കുന്നുവോ അപ്പോഴും അതിൽപറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം ശരിയാണെന്ന് ഉറപ്പു വരുത്തേണ്ട ആവശ്യം ശാസ്ത്ര രീതിക്കുണ്ട്, ഇതാണ് യഥാർത്ഥത്തിൽ ശാസ്ത്രവും ശാസ്ത്രരീതിയും തമ്മിലുള്ള വ്യത്യാസം. ഈ വ്യത്യാസം മനസ്സിലാകാതെ വരുമ്പോഴാണ് നമ്മൾക്ക് ശാസ്ത്ര അവബോധം ഇല്ലാതാകുന്നത്. ശാസ്ത്ര രീതിയെക്കുറിച്ച് നാം ഒരിക്കലും ചിന്തിക്കാറില്ല. നാം വളരെ പരിമിതമായിട്ടുള്ള ഒട്ടേറെ കാര്യങ്ങളെക്കുറിച്ച നമ്മൾ ചർച്ച ചെയ്തും വാദിച്ചും, പരസ്പരം കലഹിച്ചും സമയം കളയുന്നു ആദ്യമായി ഇന്ത്യയിൽ scientific

**temper** എന്ന ഇംഗ്ലീഷ് വാക്ക് ഇറക്കുമതി ചെയ്തത് എന്ന് ചോദിച്ചു കഴിഞ്ഞാൽ ഇന്ത്യയിലെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു ആണ്. അദ്ദേഹം **Discovery of india** എന്ന പുസ്തകത്തിൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുൻപ് **1946**ൽ ഈ വാക്കുപയോഗിച്ചു. എന്നിട്ടതിനെ ആർക്കും മനസ്സിലാകാത്ത കാര്യമായതുകൊണ്ട് അതിനെ അദ്ദേഹം ഒന്ന് വിശദീകരിച്ചു. **What Is needed is the Scientific approach,** an **adventures and a critical temper of signs the search for truth and new knowledge the refuser to accept anything without testing and trials. To capacity to change previous conclusions in the face of new evidence .** The **reliance on observes facts and not on pre-condition theory. The hard discipline of the mind all that is neccessary but** for **life itself and the solution of its many problems.** അതായത് പലപ്പോഴും നമ്മുടെ വിശ്വാസം ശാസ്ത്രം പ്രയോഗിക്കുമ്പോൾ നമുക്ക് ശാസ്ത്രരീതി വേണം എന്നത്. യഥാർത്ഥത്തിൽ **scientific temper** കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത് ശാസ്ത്രം ഉപയോഗിക്കുമ്പോൾ മാത്രമല്ല നമ്മുടെ നിത്യജീവിതത്തിലും ശാസ്ത്രവും അല്ലെങ്കിൽ നമുക്ക് ഒരു പ്രശ്നം ഉണ്ടാകുമ്പോൾ അതിന് പരിഹാരം കാണുന്നതിനുള്ള മാർഗവും ഒക്കെ തന്നെ, അല്ലെങ്കിൽ ആ പരിഹാരത്തിൽ നിന്ന് പിന്നീട് ഉരിത്തിരിയുന്ന പ്രശ്നങ്ങളും എല്ലാം തന്നെ പരിഗണിച്ചു കൊണ്ടുള്ള ചോദ്യം ചെയ്യലാണ്, അതായത് ഒരാൾ പറഞ്ഞത് കൊണ്ട് മാത്രം നമ്മൾ അത് വിശ്വസിക്കാതെ, ഓരോന്നിനെയും അതാത് സമയത്ത് ചോദ്യം ചെയ്യണം. എവിടെ എന്ത് ചോദിക്കണം എന്നുള്ള ചോദ്യമാണ് നാം സ്വയം കണ്ടെത്തേണ്ടതും ഉത്തരം വേണ്ടതും. **1980**ൽ കൂനൂരിൽ നിന്ന് **20** ശാസ്ത്രഞ്ജന്മാരും പൊതുപ്രവർത്തകന്മാരും പല മേഖലയിലുള്ള ആളുകളും അഞ്ചു ദിവസം രാവും പകലും കുത്തിയിരുന്ന് ഒരു എട്ട് പേജ് പ്രസ്താവന ഇറക്കുകയുണ്ടായി. അതിൽ പങ്കെടുക്കാൻ പറ്റാത്ത ഒട്ടേറെ മഹാരഥന്മാരായ ശാസ്ത്രജ്ഞന്മാർ അതിൽ ഒപ്പുവച്ചു. അത് യഥാർത്ഥത്തിൽ ഈ **scientific temper** നമ്മുടെ സമൂഹത്തിൽ നഷ്ടപ്പെടുന്നത് കൊണ്ട് തന്നെ നമ്മുടെ രാജ്യത്തിന്റെ പുരോഗതി പിന്നോക്കം നിൽക്കുന്നു എന്ന ഒരു പ്രത്യേക ബോധത്തോടുകൂടി അതിൽ നിന്ന് നമ്മുടെ സമൂഹത്തെയും കുട്ടികളെയും നമ്മുടെ വിദ്യാർത്ഥികളേയും, ശാസ്ത്രജ്ഞൻമാരെയും രാഷ്ട്രീയ പ്രവർത്തകരെയുമെല്ലാം നമ്മുടെ ശാസ്ത്രത്തെ എങ്ങനെ കാണണം എങ്ങനെ വികസനത്തിനു വേണ്ടി ഉപയോഗിക്കണം എന്നുള്ളത് അല്ലെങ്കിൽ എങ്ങനെ ആയിക്കൂട എന്നുള്ള ഒരു പ്രസ്താവനയായിരുന്നു. കേരളത്തിന് ഉയർന്ന ശാസ്ത്രബോധത്തിനും ഉയർന്ന വികസനത്തിനും ഒട്ടേറെ സവിശേഷ നേട്ടങ്ങൾ ഉണ്ട്. ഈ വിഷയത്തെക്കുറിച് ചർച്ച ചെയ്യുമ്പോൾ നമ്മുടെ മനസ് എങ്ങോട്ടൊക്കെ പോകണം എന്നതിന്റെ ഒരു പതിനഞ്ചു എണ്ണം മാത്രം ഞാൻ പറയാം. ഒന്ന് നവോത്ഥാന നായകന്മാരുടെ പ്രബോധനവും അവരുടെ പ്രവർത്തനങ്ങളും. ഇവരുടെ പ്രവർത്തനം കേരള സംസ്ക്കാരത്തിന്, ശാസ്ത്ര മുന്നേറ്റത്തിന്, വികസനത്തിന് ഒക്കെതന്നെ വളരെ നേരായ ദിശയിലുള്ള തുടക്കം തന്നെയായിരുന്നു. മറ്റൊന്ന് യുക്തിവാദികളുടെ ബോധന ശ്രമങ്ങൾ, കാരണം ആദ്യമായിട്ട് നമ്മുടെ സമൂഹത്തിൽ ചോദ്യങ്ങൾ ചോദിച്ച് ബുദ്ധിമുട്ടിപ്പിച്ചു കൊണ്ടിരുന്നത് യുക്തിവാദികളാണ്. അവരുടെ വാദങ്ങൾ ശരിയാണോ തെറ്റാണോ എന്നുള്ളതൊക്കെ അപ്രസക്തമാണ്. അന്നവർ ചെയ്തിരുന്നത് അന്ന് നിലവിലിരുന്ന ചില വിശ്വാസങ്ങളെയെങ്കിലും ചോദ്യം ചെയ്തതിലൂടെ ഒരു ചർച്ച കൊണ്ടുവന്നു എന്നതാണ്. മൂന്നാമത്തേത് ആദ്യത്തെ ശാസ്ത്രസാഹിത്യ അതുപോലെ ഇന്ത്യയിൽ തന്നെയുള്ള ജനകീയ ശാസ്ത്ര പ്രസ്ഥാനത്തിന്റെ തുടക്കവും കേരളത്തിൽ നിന്നാണ്. കേരള ശാസ്ത്ര സാങ്കേതിക പരിഷത്ത് **1962**ൽ ആണ് തുടങ്ങുന്നത്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങളെ നമ്മൾ എങ്ങനെ വിലയിരുത്തിയാലും ആർക്കും നിഷേധിക്കാൻ പറ്റാത്തത് ശാസ്ത്രം സമൂഹത്തിന്റെ സംഭാവനയാണ് എന്നതാണ്. ശാസ്ത്രം ഉപയോഗിക്കുന്നതിനെക്കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും ജനങ്ങൾ അതാതു കാലങ്ങളിൽ അറിഞ്ഞിരിക്കണം എന്ന വളരെ വ്യക്തമായ ഒരു പ്രചാരണ സംരംഭം നടത്തിയിരുന്നു. മറ്റൊന്ന് ഇന്ത്യയിൽ ആദ്യമായി ഒരു ശാസ്ത്ര സാങ്കേതിക കമ്മിറ്റി ഉണ്ടാക്കിയത് കേരളത്തിലാണ്. **1972**ൽ സി. അച്യുതമേനോൻ മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് ശാസ്ത്ര സാങ്കേതിക കമ്മിറ്റി ഇവിടെ നിലവിൽ വന്നത്. ഈ സ്ഥാപനത്തിന്റെ സ്ഥാപകൻ കൂടിയായ ഡോ. എബ്രഹാം അതിന്റെ ആദ്യത്തെ ചെയർമാൻ ആയിരുന്നു. ഇന്ന് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്ന് പറയുന്നത്തിന്റെ തുടക്കം അന്നായിരുന്നു. പിന്നീട് പല സംസ്ഥാനങ്ങളിലായി ഇത് വന്നു. ഏതായാലും ഇങ്ങനൊരു കമ്മിറ്റിയുടെ പ്രവർത്തനം വികസനവുമായി ബന്ധപ്പെടുത്തി സമൂഹത്തിലെ ജനങ്ങൾ എല്ലാവരുമറിയെ നമ്മുടെ ജനപ്രധിനിധികൾ എല്ലാവരും അറിഞ്ഞുകൊണ്ട് ശാസ്ത്രപ്രവർത്തനങ്ങൾ നടത്തുകയും അതിന് ജനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ഒരു സമ്മതം വാങ്ങുകയും ചെയ്യുക എന്നതായിരുന്നു. **1977**-ൽ കേരള സർക്കാരാണ് ഇന്ത്യയിൽ ആദ്യമായിട്ട് ശാസ്ത്ര സാങ്കേതിക നയം പ്രഖ്യാപിക്കുന്നത്. അതിൽ ആമുഖമായി ഒരു അവതാരിക അച്യുതമേനോൻ എഴുതുകയുണ്ടായി, ഈ തരത്തിലുള്ള ഒരു പ്രബുദ്ധതയാണ് ഭരണ രംഗത്ത് നിന്ന് ശാസ്ത്ര സമൂഹത്തിനാവശ്യമായിരിക്കുന്നത്. നമുക്ക് ഗണിത ശാസ്ത്രത്തിലും ആയുർവേദത്തിലും ഉള്ള മുൻനിര അറിവിന് ഉദാഹരണമാണ്, മഞ്ഞളും മുളകുമൊക്കെ ഭക്ഷണത്തിൽ ഉപയോഗിക്കുന്നത് അത് കേടായി പോകാൻ സാധ്യതയുണ്ടെങ്കിൽ അതുണ്ടാകാതിരിക്കാനും, അല്പം കേടായാൽ തന്നെ അത് നമുക്ക് രോഗകാരണം ആകാതിരിക്കാൻ വേണ്ടി അത്തരം സൂക്ഷ്മ ജീവികളെ ഹനിക്കാൻ കൂടി വേണ്ടിയാണ് എന്ന് കണ്ടെത്തിയിട്ടാണ് ഈ സാധനങ്ങൾ നാം ഭക്ഷണത്തിൽ ചേരുവയായി ചേർത്തത്. ഇത് ചരിത്രപരമായിട്ടുള്ള ഒരു സംഗതിയാണ്. ഈ രീതിയിലുള്ള ഒരു മുൻനിര അറിവ് കേരളത്തിന് വളരെ മുൻപേ ഉണ്ടായിരുന്നു. മറ്റൊന്ന് ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണം ഇവിടെ തുമ്പയിലാണ്. ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളുടെ സാധ്യതകളും ശക്തിയും എന്താണെന്ന് നമ്മുടെ സമൂഹത്തിന് നേരത്തെ തന്നെ അറിയാൻ കഴിഞ്ഞു എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മറ്റൊന്ന് സംസ്ഥാന തലത്തിൽ ഒട്ടേറെ ഗവേഷണസ്ഥാപനങ്ങൾ ശാസ്ത്രസാങ്കേതിക കമ്മിറ്റിയുടെ കുടയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നു എന്നുള്ളത് അതും നമ്മുടെ

കേരളത്തിന്റെ ചുറ്റുപാടുകളുമായി വളരെ ബന്ധപ്പെട്ടുകിടക്കുന്ന വിഷയങ്ങളിലാണ് ഈ ഗവേഷണം നടക്കുന്നു എന്നുള്ളതാണ് ഇതിൽഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. മറ്റൊന്ന് കേരളത്തിന് പുറംലോകവുമായി വളരെ ദീർഘമായ ഒരു ബന്ധമുണ്ട്, ആഹാര പദാർത്ഥമായാലും തുണി ആയാലും പുറം ലോകവുമായി വലിയൊരു ബന്ധം നിലനിർത്താൻ കേരളത്തിനായി. സിൽക്ക് റൂട്ട് കൊല്ലത്ത്, ചൈന ക്ലേ, അതുപോലെ ചീനച്ചട്ടി അങ്ങനെ ഒട്ടേറെ കാര്യങ്ങൾ നമുക്ക് ചൈനയിൽ നിന്ന് നമുക്ക് വന്നിട്ടുണ്ട്. ഇത് വലിയ ഒരു സാധ്യത കാട്ടിത്തരുന്നുണ്ട്. പിന്നെയുള്ളത് അന്യ ഭാഷയായാലും അന്യ രാജ്യമായാലും അവിടെച്ചെന്നാൽ കേരളീയർക്ക് അവിടവുമായി ഇഴുകിചേരാനും പെട്ടെന്ന് കഴിയുന്നു, ഇതും ശാസ്ത്രബോധത്തിന്റെ വളർച്ചയ്ക്ക് ഒരു കാരണമാണ്. മറ്റൊന്ന് അനന്യമായിട്ടുള്ള സാമുദായിക സൗഹാർദ്ദം അതിന് ഉത്തമമായ ഉദാഹരണമാണ് ശബരിമലയും വാവരും തമ്മിലുള്ള ബന്ധം. മൊത്തം ചരിത്രത്തിലേക്ക് നോക്കുമ്പോൾ ഇത്രയുമധികം സാമുദായിക സൗഹാർദ്ദം നിലനിൽക്കുന്ന സംസ്ഥാനം വേറെയില്ല. മറ്റൊന്ന് സ്കൂൾ സയൻസ് ക്ലബുകൾ ആണ്. ഇന്ത്യയിൽ ആദ്യമായി പ്രവർത്തിക്കുന്ന സ്കൂൾ സയൻസ് ക്ലബുകൾ വരുന്നത് **1968**-ൽ കേരളത്തിലാണ്. പിന്നെ ജനകീയ ആസൂത്രണ പരിപാടി, ഇവിടെയും വസ്തുതകളെ അടിസ്ഥാനമാക്കി ആസൂത്രണത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ശാസ്ത്രീയ പ്രക്രിയയാണ്ഇതും ഒരു അടിസ്ഥാനമാണ്. ഇന്ത്യയിൽ ഇന്നും മുപ്പത് വർഷം കഴിഞ്ഞിട്ടും ഒരു കേരള സയൻസ് കോൺഗ്രസ് നടക്കുന്ന ഏക സംസ്ഥാനവും കേരളമാണ്. പിന്നെ പ്രകൃതി തന്നെ നമുക്ക് തന്നിട്ടുള്ളതാണ് ഹൃദ്യമായ കാലാവസ്ഥ, നമുക്ക് അമിതമായ ചൂടോ തണുപ്പോ ഇല്ല. ഈ എല്ലാ കാര്യങ്ങളും നോക്കിയാൽ ഈ പ്രത്യേകതകൾ കൊണ്ട് കേരളം വികസനത്തിന്റെ കാര്യത്തിലും ശാസ്ത്ര വികസനത്തിന്റെ കാര്യത്തിലും ഒട്ടേറെ മുന്നോട്ട് പോകേണ്ടതായിരുന്നു, കുറെ നമ്മൾ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ഇത്രയും ഗുണവശങ്ങൾ ഉള്ള ഒരു സംസ്ഥാനത്ത് നാം ഇത്രയും മുന്നോട്ട് പോയാൽ മതിയോ എന്നുള്ള ഒരു ചോദ്യം ഇപ്പോഴും ബാക്കി നിൽക്കുന്നു. അതിലേക്കു കൂടുതൽ പോകുന്നതിനു മുൻപ് ദരിദ്ര വിഭാഗങ്ങളുടെ കാര്യം പറയേണ്ടതുണ്ട്. ആരാണ് ഈ ദരിദ്ര വിഭാഗം എന്ന് പറയുന്നത്. ദിവസേന മൂന്നു നേരമെങ്കിലും പരിമിതമായ അളവിലെങ്കിലും ഭക്ഷണം കഴിയ്ക്കാൻ സാധ്യതയുള്ള ആളുകൾ എന്ന് പറയാമെങ്കിലും അതിന്റെ കൂടെ അല്പം കൂടി വേണം വളരെ ബുദ്ധിമുട്ടില്ലാത്ത ഒരു ജീവിതം നയിക്കാൻ കഴിഞ്ഞാൽ മാത്രം പോര ആ ജീവിതം ലക്ഷ്യബോധത്തോട് കൂടി പുതിയ അറിവോ പുതിയ ഉത്പന്നങ്ങളോ ഉണ്ടാക്കാൻ കഴിവ് കൂടി നൽകുന്ന ഒരു അവസ്ഥയാണ് ദാരിദ്ര്യമില്ലാത്ത അവസ്ഥയെന്ന് കഴിയുന്നവർ എന്ന് പറയാമെങ്കിലും കുറച്ചുകൂടി ഭക്ഷണം കഴിയ്ക്കാൻ കഴിയണം എന്നാണ് എന്റെ അഭിപ്രായം, അതുമാത്രമല്ല ഒരു ലക്ഷ്യബോധത്തോട് കൂടിയുള്ളതാവണം എന്തെങ്കിലും പുതിയ അറിവോ പുതിയ വസ്തുക്കളോ പുതിയ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാൻ കഴിവ് കൂടി നൽകുന്ന ഒരു അവസ്ഥയാണ് ദാരിദ്ര്യമില്ലാത്ത അവസ്ഥ എന്ന് പറയുന്നത്, അല്ലാതെ എല്ലാവർക്കും ഭക്ഷണം മാത്രം കൊടുത്തു കഴിഞ്ഞാൻ ആ രാജ്യം വികസനത്തിന്റെ പാതയിൽ എവിടെയെത്തും? പിന്നെന്തിനാണ് ശാക്തീകരണം എന്ന വാക്ക് നമ്മൾ ഉപയോഗിക്കുന്നത്, ദരിദ്ര വിഭാഗങ്ങളെ എന്തിനാണ് ശാക്തീകരിക്കേണ്ടത് അവർക്ക് വരുമാനം അല്ലെങ്കിൽ തൊഴിൽ കൊടുത്താൽ പോരെ എന്ന് ചോദിച്ചു കഴിഞ്ഞാൽ ഇത് കൊണ്ട് മാത്രം വികസനം സാധ്യമാകില്ല. വികസനത്തിന്റെ ഒരു നിർവചനം എന്താണെന്ന് ചോദിച്ചു കഴിഞ്ഞാൽ സാമാന്യം ഉയർന്ന ജീവിത ഗുണമേന്മയുണ്ടാകുക അതുണ്ടായാൽ മാത്രമേ നമുക്ക് ജീവിത നിലവാരം ഉയർന്നു എന്ന് പറയാനാകു. ദരിദ്രവിഭാഗങ്ങൾക്ക് ജീവിതനിലവാരം ഉയർത്താൻ സാധിക്കുന്നില്ല എങ്കിൽ എങ്ങനെ അത് സാധ്യമാകാൻ കഴിയും, കുറെ നവോത്ഥാന പ്രവർത്തനങ്ങൾ മുന്നോട്ടു വന്നു പോകുന്നത് കൊണ്ട് കാലത്തിനനുസരിച്ച് സമൂഹത്തിനു ഒരുപാട് മാറ്റങ്ങൾ വരുന്നു. ശാസ്ത്രത്തിനും, ഭരണരീതിയ്ക്കും, കാലാവസ്ഥയ്ക്കും മാറ്റം വരുന്നു. ഇങ്ങനെ വരുമ്പോൾ കാലാകാലങ്ങളിൽ നമുക്ക് ഒരു നവോത്ഥാനത്തിന്റെ ആവശ്യം വരുന്നു. ജനങ്ങളെ ഒന്നു കൂടി ഏതൊക്കെ ഓർമ്മിപ്പിക്കുകയും ബോധിപ്പിക്കുകയും പുതിയ രീതിയിൽ എങ്ങനെ നീങ്ങണമെന്ന് ഇത്തരത്തിൽ അറിവ് നേടിയ ആളുകൾ പറഞ്ഞു കൊടുക്കേണ്ടത് ആവശ്യമാണ്. ഇത്തരം കാര്യങ്ങൾ സമൂഹത്തിന് ആവശ്യമാണെന്നും അവരിൽ അത് എത്തിക്കണമെന്നുമുള്ള ഉദ്ദേശം ഉള്ളതുകൊണ്ടുമാണ് വക്കം മൗലവി ഫൗണ്ടേഷൻ ഇത്തരത്തിലുള്ള പ്രഭാഷണ പരമ്പരകൾ സംഘടിപ്പിക്കുന്നത്. അങ്ങനെ ജനങ്ങൾ സൃഷ്ടിച്ച ഒരു നവോത്ഥാന പാത കണ്ടെത്തുകയാണ് ഇതിന്റെ ഒരു ലക്ഷ്യം. ആഗോളനിലവാരത്തിൽ ശാസ്ത്രത്തിന്റെ സ്വാധീനത്തെ തിരിച്ചറിയുവാൻ നമ്മുടെ സമൂഹത്തിന് കഴിയുന്നില്ല, ജെയിംസ് വാറ്റ് സ്റ്റീം എഞ്ചിൻ ഉണ്ടാക്കിയ കാലംമുതൽക്ക്, അന്ന് സമൂഹം മാസങ്ങളോളം ചർച്ച ചെയ്തതിനു ശേഷമാണ് പിന്നീട് കൽക്കരി ഖനിയിൽ തങ്ങി നിൽക്കുന്ന വെള്ളം പംബ് ചെയ്തെടുക്കാനുള്ള ശ്രമം നടക്കുന്നത്. പിന്നീടാണ് നമ്മൾ തീവണ്ടിയ്ക്കൊക്കെ ഉപയോഗിക്കുന്നത്. ഇന്ന് നമ്മുടെ പുതിയ ടെക്നോളജി ആയുള്ള മൊബൈൽ ഫോൺ ആയാലും മറ്റ് ഇലക്ട്രോണിക് ഉൽപ്പന്നമായാലും അത് നല്ലതാണോ ചീത്തയാണോ എന്ന് ചർച്ച ചെയ്യാനുള്ള സമയം ഇന്നു നമുക്കില്ല. എൻഡോസൾഫാൻ എന്ന കീടനാശിനിയുണ്ടാക്കി അത് കണ്ണൂരും കാസർഗോഡും കശുമാവിലുമൊക്കെ തളിച്ച്, എന്നിട്ടോ അവിടെ കൊറേ കണ്ണുകാണാൻ കഴിയാത്ത കുട്ടികളുണ്ടായി. ഇതും ശാസ്ത്രത്തിന്റെ കണ്ടുപിടിത്തമാണ് പക്ഷെ ഈ കീടനാശിനി ഗുണത്തെക്കാൾ ഏറെ ദോഷം നമ്മുടെ സമൂഹത്തിന് തരും എന്നുള്ള ഒരു വിവേചന ബുദ്ധി തന്നെ ശാസ്ത്രത്തിന്റെ വഴിയിലൂടെ ,ശാസ്ത്ര ബോധത്തെ ചോദ്യം ചെയ്യാനുള്ള അവസരം ഉപയോഗിക്കാതിരുന്നതുകൊണ്ടാണ് സംഭവിച്ചത്. തിരുവനന്തപുരം നഗരത്തിൽ മാലിന്യ സംഭരണം കോർപ്പറേഷൻ നിർത്തിയതിനു ശേഷം **pipe compost** എന്നൊരുസംഭവം കൊണ്ട് വന്നു. ഇത് തികച്ചും ദോഷകരമായ ഒന്നാണ്. കാരണം എലി എന്ന ജീവി ഇത് തുരന്നു കയറുകയും ഇവിടുന്നു കിട്ടുന്ന ആഹാരം ഈ എലി കൊടുനടന്നു

ഭക്ഷിക്കുന്നതിലൂടെ പലതരത്തിലുള്ള അസുഖങ്ങൾ വരാൻ സാധ്യതയുണ്ട്. ഇപ്പൊ അത് പരാജയമായി സമ്മതിച്ചു കൊണ്ട് കോർപ്പറേഷൻ പിന്മാറിയിട്ടുണ്ട്.

അടുത്തതായി എനിക്ക് പറയാനുള്ളത് പ്രതീക്ഷിത ആയുർദൈർഘ്യം. ശരാശരി ഒരു മനുഷ്യന് ഇന്ന് ജീവിക്കാൻ അറുപത് വയസാണ് എന്ന് പറയാം, ഇതിനെക്കുറിച് നമ്മൾ ചരിത്രപരമായി നോക്കിക്കഴിഞ്ഞാൽ 1800ൽ ഇന്ത്യയിലും ദക്ഷിണ കൊറിയയിലും ആയുർദൈർഘ്യം ഇരുപത്തിഅഞ്ചു വയസ്സായിരുന്നു. ലോകത്തിൽ ഏറ്റവും വലിയ ആയുസ്സ് ബെൽജിയത്തിലായിരുന്നു നാൽപത്. ആയിരത്തി തൊള്ളായിരം ആയപ്പോഴേയ്ക്കും മൊത്തത്തിൽ പ്രതീക്ഷിത ആയുസ്സ് ഇരട്ടിച്ചു. ആയിരത്തി തൊള്ളായിരത്തി അൻപതിൽ യൂറോപ്പിൽ ഇത് അറുപതായി. പക്ഷെ 1950-ലും ഇന്ത്യയും ചൈനയും അന്ന് ലോകജനസംഖ്യകളുടെ അൻപത് ശതമാനം ഉൾക്കൊള്ളുന്നവരായിരുന്നു. ഇന്ന് നമ്മൾ നാൽപത് ശതമാനം ആയി നിൽക്കുന്നുണ്ട്. അൻപത് ശതമാനമുള്ള ഈ രാജ്യങ്ങളിൽ വർദ്ധന വളരെ നിസ്സാരമായിരുന്നു. എഴുപതുകളിൽ ലോകരാജ്യങ്ങളുടെ ഗ്രാഫ് നോക്കിയാൽ എല്ലാ രാജ്യങ്ങളുടെയും ആയുർ ദൈർഘ്യം വളരെയധികം കൂടി. എന്തുകൊണ്ട് ഈ വർദ്ധനവ് ഉണ്ടായി എന്ന് ചോദിച്ചാൽ ആരാണ് ഇതിനു സംഭാവന നൽകിയത്. പല ഗവേഷകരും പല രീതിയിൽ ഇതിനെ അപഗ്രഥിക്കുകയും പരസ്പര ബന്ധം നിലനിർത്തുകയും ചെയ്തതിൽ നിന്ന് ഒരു തീർപ്പിൽ എത്തിയത് അറിവ് ജനങ്ങൾക്ക് കൊടുത്തിട്ടുള്ള രാജ്യങ്ങളിൽ ശാസ്ത്രം പ്രായോഗികമാക്കിയിട്ടുള്ള രാജ്യങ്ങളിൽ സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കാൻ ശ്രമിച്ചിട്ടുള്ള രാജ്യങ്ങളിൽ ഇത് കൂടിയിട്ടുണ്ട്. ഇതെങ്ങനെ കൂടി എന്ന് ചോദിച്ചാൽ ഈ മൂന്ന് മേഖലകിൽ നിങ്ങൾ ശ്രദ്ധ ഊന്നിയിട്ടുണ്ടെങ്കിൽ അവിടുത്തെ ജനങ്ങളുടെ ആരോഗ്യ നില മെച്ചപ്പെട്ടിട്ടുണ്ട്. ആരോഗ്യ നില മെച്ചപ്പെടുക വഴി ആയുർദൈർഘ്യം അറുപതിനു മുകളിലായി. എന്തിനാണ് നമ്മൾ നമ്മുടെ സമൂഹത്തിന് എന്തെങ്കിലും കുറവുണ്ടോ എന്ന് ഇങ്ങനെ ചികഞ്ഞു നോക്കുന്നത്? ഇവിടെയാണ് നവോത്ഥാനത്തിന്റെ ഒരു പ്രസക്തി. യഥാർത്ഥ ദാരിദ്ര്യം അല്ലെങ്കിൽ പിന്നോക്കാവസ്ഥ കാണണമെങ്കിൽ നമ്മൾ ആഫ്രിക്കൻ രാജ്യങ്ങളിൽ പോകണം. ഇന്നും ലോകത്തിൽ ഏഴ് മില്ല്യൻ ആളുകളിൽ 1.1മില്ല്യൻ ആളുകൾക്ക് ഇപ്പോഴും ഇലക്ട്രിസിറ്റി എത്തിയിട്ടില്ല. അതായത് 22 കോടി വീടുകൾ. ഒരു വർഷത്തിൽ ഈ 22കോടി വീടുകളിൽ മണ്ണെണ്ണ വിലക്ക് കത്തിയ്ക്കാൻ 27 ബില്ല്യൻ വേണ്ടി വരും വർഷത്തിൽ. ഈ സ്ഥാനത്ത് സോളാർ പാനൽ വഴി ഒരു എൽ ഇ ഡി ഉപയോഗിക്കുകയാണെങ്കിൽ വെറും 5.5ബില്ല്യൻ ഡോളർ മാത്രമേ ചെലവ് വരുന്നുള്ളൂ. പക്ഷെ 2016ന്റെ അവസാനം ഏകദേശം 30 മില്ല്യൻ വിളക്കുകൾ മാത്രമേ അവിടെ എത്തിയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്തുകൊണ്ടത് സാധിക്കുന്നില്ല, ഇവിടെയാണ് ശാസ്ത്രപരമായുള്ള അപബോധം മനസിലാക്കേണ്ടത് ഭരണകർത്താക്കൾ ആണ്. മറ്റൊന്ന് ഇന്ത്യ ഉൾപ്പെടെ എല്ലാ രാജ്യങ്ങൾക്കും ഭക്ഷണസാധനങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയുന്നു. പക്ഷെ പൊതുവായുള്ള ഭക്ഷണ വിതരണം നടക്കുന്നില്ല എന്ന് നമ്മൾ മനസിലാക്കേണ്ടതുണ്ട്. നമ്മുടെ ഇന്ത്യയിലുണ്ടാക്കുന്ന ധാന്യത്തിന്റെ നാൽപത് ശതമാനം എലിയാണ് ഭക്ഷിയ്ക്കുന്നത്. അതിനായി എലി നശീകരണത്തിന് വലിയ ഒരു പദ്ധതി തന്നെയുണ്ടായിരുന്നു. ഇപ്പൊ നമുക്ക് എലി തിന്നാതെ നമുക്ക് ഭക്ഷണമൊക്കെ കഴിയ്ക്കാൻ കഴിയുന്നുണ്ട്. ഗോഡൌൺ ഒക്കെ നമുക്കുണ്ട് എന്നാലും നമുക്ക് സാധിക്കുന്നില്ല പട്ടിണിക്കാർക്ക് ഭക്ഷണമെത്തിയ്ക്കാൻ. ഇന്ന് നമ്മൾ ഏകദേശം പത്തര ടൺ വസ്തുക്കളാണ് ആളോഹരിയായി ഒരു കൊല്ലം ഉപയോഗിക്കുന്നത്. ഇതിൽ അഞ്ചു രാജ്യങ്ങളാണ് 55ശതമാനം ഉപയോഗിയ്ക്കുന്നത്. ചൈന, USA, ഇന്ത്യ, ബ്രസീൽ, റഷ്യ. താഴെ തട്ടിലുള്ള നൂറു രാജ്യങ്ങൾ ഉപയോഗിക്കുന്നത് ഒന്നര ശതമാനമാണ്. ഇനി നമുക്ക് കേരളത്തിൽ ഇന്നത്തെ സ്ഥിതി എങ്ങനെയെന്നു നോക്കാം ശാസ്ത്രബോധം എവിടെയെത്തി നിൽക്കുന്നു എന്ന് നോക്കാം. ശാസ്ത്രത്തെ നമ്മൾ നോക്കിക്കാണുന്നത് ഒരു കോങ്കണ്ണിലൂടെയാണ്. സൈലന്റ് വാലി പ്രോജക്റ്റ് ഉപേക്ഷിക്കുന്നതിന് മുൻപ് നമ്മുടെ ഭരണപക്ഷ പാർട്ടികളും പ്രതിപക്ഷ പാർട്ടികളും എല്ലാരും പറഞ്ഞ ഒരു ജലവൈദ്യുത പദ്ധതിയുണ്ടാക്കിക്കഴിഞ്ഞാൽ അത് വികസനമാണ്. പക്ഷെ തൊഴിലാളികൾക്ക് ഉപയോഗപ്രദമായി വേതനം കൊടുക്കുന്നതിലൂടെ സർക്കാരിനും ലാഭമുണ്ടാകണം. ഇവിടെയാണ് ശാസ്ത്രത്തെ നമ്മൾ വക്ര ദൃഷ്ടിയിലൂടെ നോക്കുന്നതുവഴി വികസനത്തെ തടയുന്നത്. യഥാർത്ഥത്തിൽ ശാസ്ത്രബോധത്തിന്റെ ഒരു ഭാഗമായി നമ്മളിതിനെ കാണുകയാണെങ്കിൽ നമുക്ക് പറയാം കേരളത്തിൽ ഇന്നും ശാസ്ത്രബോധം ആവശ്യത്തിനുണ്ടായിട്ടില്ല എന്ന്. ഉദാഹരണം മാലിന്യ നിർമാർജ്ജനം. എന്തുകൊണ്ടാണ് അപകടരഹിതമായ സാങ്കേതിക വിദ്യ നമ്മളിവിടെ ആവിഷ്കരിക്കാത്തത്. നമുക്കിപ്പോ ഒരു ഡെങ്കിപ്പനി വന്നാൽ തന്നെ നമുക്ക് എത്ര പണമാണ് നഷ്ടമാകുന്നത്. ഇത് പരത്തുന്നത് കൊതുക് ആണെന്നും അത് മാലിന്യം കൊണ്ടാണെന്നും നമുക്കറിയാം. മറ്റൊന്ന് കെട്ടിടത്തിന്റെ മേൽക്കൂര കോൺക്രീറ്റ് ആണ് നമുക്ക് നല്ലതെന്ന് പറഞ്ഞിരുന്നു. കാരണം കള്ളന്മാരിൽ നിന്നും സംരക്ഷണം കിട്ടാൻ വേണ്ടിയായിരുന്നു. ബേക്കർ സാഹിബിന്റെ ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു 1972ൽ അതായത് ഈ ചിന്താഗതി നല്ലതല്ല എന്ന്. നമ്മുടെ കേരളത്തിലെ കാലാവസ്ഥയിൽ പൂപ്പൽ എന്ന് പറയുന്ന ഒരു സസ്യം അതിന്റെ വേര് ഒരു ഇലക്ട്രിക് ഡ്രില്ലിനേക്കാൾ ശക്തിയുള്ളതാണ്. നമ്മുടെ വീടിന്റെ റൂഫിൽ ഇത്തിരി വെള്ളം കെട്ടിക്കിടന്നാൽ അതിന്റെ വേരിറങ്ങി നമ്മുടെ റൂഫ് ചോരാൻ സാധ്യതയുണ്ട്. നമ്മുടെ കേരളത്തിലെ കാലാവസ്ഥയിൽ ഫ്ലാറ്റ് റൂഫിംഗ് ശരിയല്ലെന്ന് ആരും മനസിലാക്കിയില്ല. ഇതുപോലുള്ള വലിയ കാര്യങ്ങളിലും നമ്മൾ ചോദ്യങ്ങൾ ചോദിക്കുന്നില്ല. 2017-ൽ ശാസ്ത്രം എന്ന് പറയുന്നത് പുരോഗമിച്ചുകൊണ്ടേയിരിക്കും. ഉദാഹരണമായിട്ട് 2017ലെ പത്ത് പ്രമുഖ കണ്ടുപിടിത്തങ്ങൾ എന്താണെന്ന് നോക്കാം, ജനുവരി 27ന് ആദ്യമായിട്ട് മെറ്റാലിക് ഹൈഡ്രജൻ കണ്ടുപിടിക്കാനുള്ള ഒരു സൂത്രം കണ്ടുപിടിച്ചു. അടുത്തത് മാർച്ച് 30നു റോക്കറ്റുകളെ റീസൈക്കിൾ ചെയ്തുപയോഗിക്കാമെന്നു കണ്ടുപിടിച്ചു. ഏപ്രിൽ 19ന് മനുഷ്യന് മാറി താമസിയ്ക്കാനുള്ള വേറെ ഉപഗ്രഹം ഉണ്ടോ എന്നുള്ള കടുപിടിത്തം തുടങ്ങി. അടുത്തത് ഒരു ആട്ടിൻകുട്ടിയെ അതിന്റെ ഗർഭപാത്രത്തിനു പുറത്ത് വളർത്തി

ജനിപ്പിച്ചിരിക്കുന്നു. മുൻപ് ഇങ്ങനെ ജനിപ്പിച്ചിട്ടുണ്ട് പക്ഷെ അതിൽ നിന്നെല്ലാം വ്യത്യസ്ഥമായി ഒരു പ്രത്യേക അടിസ്ഥാനത്തിൽ ചെയ്ത ഒരു വർക്ക് ആണ്. അടുത്തത് അവർ ചെയ്യാനുദ്ദേശിക്കുന്നത് മനുഷ്യനെയാണ്. മറ്റൊന്ന് നമ്മുടെ ശരീരത്തിലെ അവയവങ്ങളെ മനുഷ്യന്റെ ടിഷ്യൂവിൽ ചെറിയ കത്രിക പ്രയോഗം നടത്തി ഇങ്ങനെ മാറ്റാം എന്ന് കണ്ടുപിടിച്ചിരിക്കുകയാണ്. പല രോഗങ്ങളെയും പൂർണമായും നിയന്ത്രിക്കാനാകുമെന്നു കണ്ടെത്തിയിട്ടുണ്ട്. മറ്റൊന്ന് ഇതുവരെയും കണ്ടിട്ടില്ലാത്ത ശക്തമായ കമ്പ്യൂട്ടർ ഗെയിം ആണ് മെയ് 29ന്. ജൂൺ ഒന്നാം തീയതി സംഭവിച്ചിരിക്കുന്നത് മനുഷ്യ ശരീരത്തിന്റെയകത്ത് ജീനിനെ എഡിറ്റ് ചെയ്യാനുള്ള സംഗതിയാണ്. പിന്നെ ക്വാണ്ടം കമ്പ്യൂട്ടിങ്ങിൽ 51കുബിറ്റ് എന്ന് പറയുന്ന ഒരു സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് ഒരു വലിയ സംഭവം വന്നു. ഇതൊക്കെ ഒട്ടേറെ ശക്തിയുള്ളതാണ്. ഇത്രയും പത്തെണ്ണം ആഗസ്റ്റ് വരെയുണ്ടായി. ശാസ്ത്രം ഇത്രയും ഫാസ്റ്റ് ആയി മൂവ് ചെയ്തുകൊണ്ടിരിയ്ക്കുമ്പോൾ യഥാർത്ഥത്തിൽ ശാസ്ത്രത്തെ നമുക്ക് ഉപയോഗിക്കണമെങ്കിൽ അതിനോടുള്ള താൽപര്യവും അറിവും വളരെ വളരെ വിലപ്പെട്ടതാണ്. അതുണ്ടാക്കുന്നതാണ് യഥാർത്ഥത്തിൽ ശാസ്ത്രബോധത്തിന്റെ കഴിവ്. കേരളത്തിൽ ഇത്രയൊക്കെ അനുകൂല സാഹചര്യം ഉണ്ടായിട്ടും മാലിന്യ നിർമാർജ്ജനത്തിനും രോഗനിയന്ത്രണത്തിനും കഴിയുന്നില്ല. നമുക്ക് ശാസ്ത്രത്തിനെ എങ്ങനെ സമൂഹത്തിൽ ഉപയോഗിക്കാമെന്നതിനെക്കുറിച്ച് സമൂഹത്തിൽ വ്യാപകമായിട്ടുള്ള ചർച്ചകൾ ഉണ്ടാകാം, സാധാരണക്കാർക്ക് ശാസ്ത്രം ചർച്ച ചെയ്യാനായിട്ടുള്ള കഴിവ് ഉണ്ടോ എന്ന് ചോദിച്ചു കഴിഞ്ഞാൽ തീർച്ചയായും അനുഭവിക്കുന്ന ആളുകൾക്ക് അതിന്റെ പരിണിതഫലം ചൂണ്ടിക്കാണിക്കാൻ കഴിയുമെന്ന് ഉറപ്പാണ്. അത്തരത്തിലുള്ള ഒരു ശാസ്ത്രജ്ഞന്റെ മുന്നിലാകുമ്പോൾ തീർച്ചയായും അവർ ഒന്നിച്ചുള്ള ചർച്ച ഇതിനുള്ള ഒരു പരിഹാരം കണ്ടെത്തും. ഇതിനു പരിഹാരം കാണാൻ കേരളം എത്തി നിൽക്കേണ്ടിയിരുന്ന സ്ഥലത്ത് ഇന്നും എത്തിയിട്ടില്ല എന്നതിന് സമൂഹത്തെയാകെ കുറ്റം പറയേണ്ടതായിട്ടുണ്ട്. ഭരണ സംവിധാനം അവരുടെ രീതികൾ ശാസ്ത്രത്തിന്റെ മുന്നേറ്റത്തിനനുസരിച്ച് മാറ്റാതിരിക്കുന്നത് കൊണ്ടാകാം അതുപോലെതന്നെ സമൂഹം ഇതിൽ കൂടുതൽ താത്പര്യം എടുക്കുന്നില്ല. അതിനായി സോഷ്യൽ ആഡിറ്റിംഗ് വരികയാണെങ്കിൽ തീർച്ചയായും ഇതിനുള്ള പരിഹാരം കാണാൻ കഴിയും എന്നും കൂടി പറഞ്ഞുകൊണ്ട് ഞാൻ വാക്കുകൾ നിർത്തുന്നു